**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **28.10.2011 -ൽ**
**നമ്പർ: 5977** **മറുപടിക്ക്**

## സായുധസേനാ ഫ്ളാഗ്ഡേ ഫണ്ട് ശേഖരണ നടപടി

| ചോദ്യം | അന്തിമ മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. സി. മമ്മൂട്ടി | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| **(എ)** സായുധസേനാ ഫ്ളാഗ്ഡേ ഫണ്ട് ശേഖരണ നടപടികളുടെ വിശദവിവരം നൽകാമോ; | **(എ)** കേന്ദ്രീയ സൈനിക ക്ഷേമ ബോർഡിന്റെ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് രണ്ടിനം ഫ്ളാഗ് (കാർഫ്ളാഗ്/ ടോക്കൺഫ്ളാഗ്) ഡൽഹിയിലെ കേന്ദ്രീയ സൈനികക്ഷേമ ബോർഡിൽ നിന്നും വരുത്തുകയും അത് ജില്ലാ സൈനികക്ഷേമ ആഫീസ് വഴി മറ്റു ഡിപ്പാർട്ടുമെന്റുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എൻ.സി.സി. യൂണിറ്റുകൾ, മറ്റിതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് നൽകി ഫണ്ട് ശേഖരിക്കുകയുമാണ് ചെയ്യുന്നത്. ആ തുക സ്റ്റേറ്റ് ഫ്ളാഗ്ഡേ ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. |

| | |
|---|---|
| **(ബി)** 2010 - ലെ ഫ്ളാഗ്ഡേയോടനുബന്ധിച്ച് ശേഖരിച്ച ഫണ്ടിന്റെ വിശദവിവരം ലഭ്യമാക്കാമോ; | **(ബി)** 2010- ൽ ഈ ഇനത്തിൽ 1,70,44,586/- രൂപ സമാഹരിച്ചു. |
| **(സി)** 2011 - ലെ ഫ്ളാഗ്ഡേ ഫണ്ട് ശേഖരണത്തിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ; പരിപാടി വിജയപ്രദമാക്കാൻ കൂടുതൽ നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ; | **(സി)** 2 കോടി രൂപ സമാഹരിക്കുകയാണ് 2011- ലെ ലക്ഷ്യം. സെപ്റ്റംബർ മാസം വരെ 46,30,384/- രൂപ സമാഹരിച്ചു. ജില്ലാ തലത്തിൽ കളക്ടറുടെ നിർദ്ദേശപ്രകാരം ജില്ലാ സൈനിക ക്ഷേമ ആഫീസറുടെ നേതൃത്വത്തിൽ ഫണ്ട് സമാഹരണം ത്വരിതഗതിയിൽ നടന്നുവരുന്നു. |
| **(ഡി)** ഫ്ളാഗ്ഡേ ഫണ്ടിന്റെ വിനിയോഗക്രമം എന്താണെന്ന് വെളിപ്പെടുത്തുമോ; | **(ഡി)** വിമുക്തഭടന്മാരുടെയും വിധവകളുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമ കാര്യങ്ങൾക്കായി ഈ തുക വിനിയോഗിക്കുന്നു. |
| **(ഇ)** ഫ്ളാഗ്ഡേ ഫണ്ടിൽ നിന്നും സ്റ്റേറ്റ്/ഡിസ്ട്രിക്ട് മിലിട്ടറി ബനവലന്റ് ഫണ്ടിലേയ്ക്ക് വിഹിതം നൽകാറുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകാമോ; | **(ഇ)** ഫ്ളാഗ്ഡേ ഫണ്ടിന്റെ മൊത്തം തുകയുടെ 85% സ്റ്റേറ്റ് മിലിട്ടറി ബനവലന്റ് ഫണ്ടിലേയ്ക്ക് നൽകുന്നു. 2010- ൽ ബാങ്ക് പലിശയിനത്തിൽ ലഭിച്ച തുകയടക്കമുള്ള മൊത്തം സമാഹരണ തുകയായ 1,76,01,619/- രൂപയിൽ 1,49,61,376/- രൂപ സ്റ്റേറ്റ് മിലിട്ടറി ബനവലന്റ് ഫണ്ടിലേയ്ക്ക് നൽകിയി ട്ടുണ്ട്. |

| | |
|---|---|
| **(എഫ്)** ബനവലന്റ് ഫണ്ടിന്റെ വിനി യോഗക്രമവും 31.03.2011 - ലെ കണക്കു പ്രകാരം എന്ത് തുക നീക്കിയിരിപ്പു ണ്ടെന്നും വ്യക്തമാക്കുമോ? | **(എഫ്)** 22.07.1977 ലെ 197/77/GAD നമ്പർ സർക്കാർ ഉത്തരവിലെയും തുടർന്നു വരുത്തിയിട്ടുള്ള ഭേദഗതി ഉത്തരവുകളിലെയും വ്യവസ്ഥകൾ പ്രകാരമാണ് ബനവലന്റ് ഫണ്ടിന്റെ ഭരണവും വിനിയോഗക്രമവും നിശ്ചയി ക്കപ്പെട്ടിട്ടുള്ളത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിമുക്തഭടന്മാ രുടെയും ആശ്രിതരുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കായാണ് ബനവലന്റ് ഫണ്ടിലെ തുക വിനിയോഗിക്കുന്നത്. 31.03.2011 - ലെ നീക്കിയിരിപ്പ് 8,35,38,868.17/- രൂപയാണ്. |

**സെക്ഷൻ ഓഫീസർ**